"ഭരണഭാഷ - മാതൃഭാഷ"

നം:- DGE/11634/2024-N2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 15-06-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- ഇ-ഗ്രാന്റ്സ് - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് 2024-25-ന്റെ സമയക്രമം- സംബന്ധിച്ച്

സൂചന :- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29/05/2024 തീയതിയിലെ SCDD/2620/2024-B3 (EDN B) നമ്പർ ഉത്തരവ്

*****

പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള 2024-25 വർഷത്തേക്കുള്ള സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികളായ ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, ദുർബല വിഭാഗ സ്റ്റൈപ്പന്റ്, ഫീസ് റീ ഇംപേഴ്സ്മെന്റ്(അൺ എയ്ഡഡ്), വിദ്യാലയ വികാസ് നിധി(കേന്ദ്രീയ വിദ്യാലയം) എന്നിവയുടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനായി ഇ-ഗ്രാന്റ്സ് പോർട്ടൽ 2024 ജൂൺ 1 മുതൽ തുറന്നു നൽകുന്നതാണ്. 2024 ആഗസ്റ്റ് 31 ആണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി.

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പട്ടികജാതി വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വാലിഡേഷൻ 2024 ജൂൺ 30-നകം പൂർത്തിയാക്കേണ്ടതും സ്കോളർഷിപ്പ് അപേക്ഷകൾ അവസാന തീയതിയായ 2024 ആഗസ്റ്റ് 31-നകം ഓൺലൈനായി നൽകേണ്ടതുമാണ്.

Signed by
Shinemon M K
Date: 15-06-2024 16:47:25

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പകർപ്പ്:

സൂപ്രണ്ട്, എൻ.ഇ.പി&ക്യൂ.ഐ.പി സെക്ഷൻ(അറിവിലേക്കായി)

I/73941/2024

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(Present: MEGHASHREE D R, IAS)**

വിഷയം:- ഇ-ഗ്രാന്റ്സ്- സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് 2024-25- വിവിധ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

പരാമർശം:-
1) **GO (P) No. 09/2023/SCSTD Dated 26/12/2023**
2) **GO (Rt) No. 632/2023/SCSTD Dated 24/05/2023**
3) **Government Letter No. A3/365/2022/SCSTDD Dated 22/02/2024**

**No: SCDD/2620/2024-B3 (EDN B)** **Date:29-05-2024**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് നൽകി വരുന്ന സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും പരിഷ്കരിച്ചു കൊണ്ടും ഏകീകരിച്ചു കൊണ്ടും പരാമർശം (1) പ്രകാരവും പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി സമർപ്പിക്കേണ്ടുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണം ലഘൂകരിച്ചു കൊണ്ടും വിവിധ വിദ്യാഭ്യാസ പദ്ധതികൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾക്കു പകരം ഇ-ഗ്രാന്റ്സ് ഐ. ഡി നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. ഇ-ഗ്രാന്റ്സ് ഐ.ഡി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരമാർശം (3) പ്രകാരം മാർഗ നിർദേശങ്ങളും നൽകിയിട്ടുണ്ട്.

സ്കോളർഷിപ്പ് ലഭിക്കുന്നതിന് വിദ്യാർഥികളുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ വാലിഡേറ്റ് ചെയ്യുന്നതിന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വാലിഡേഷന്റെ അടിസ്ഥാനത്തിൽ ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ സാധുത ഓൺലൈനായി പരിശോധിച്ച് ഇ-ഗ്രാന്റ്സ് ഐ. ഡി ജനറേറ്റ് ചെയ്യുന്നതിനും വിവിധ പദ്ധതികൾക്ക് സർട്ടിഫിക്കറ്റ് ലഘൂകരണത്തിന്റെ ഭാഗമായി ഇ-ഗ്രാന്റ്സ് ഐ. ഡി ഉപയോഗിക്കുന്നതിനും പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1), (2) ഉത്തരവുകളുടെയും പരാമർശം (3) ലെ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ ചുവടെ ചേർക്കുന്നതു പ്രകാരമുള്ള പദ്ധതി വിശദാംശങ്ങൾക്കും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 2024-25 വർഷം ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനും ഇ-ഗ്രാന്റ്സ് ഐ.ഡി സംവിധാനം പ്രാബല്യത്തിൽ വരുത്തുന്നതിനും അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**<u>A. പദ്ധതി വിശദാംശങ്ങൾ</u>**

<u>(1) ലംപ്സംഗ്രാന്റ്</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/ ജി വി രാജ സ്പോർട്സ് സ്കൂൾ/ കേന്ദ്രീയ വിദ്യാലയങ്ങൾ/ IHRD, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകൾ/ സർക്കാർ അംഗീകൃത ഏൺ എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിലുള്ള നിരക്കു പ്രകാരം ഒറ്റത്തവണയായി ലംപ്സം ഗ്രാന്റ് ലഭിക്കും

<u>(2) എഡ്യൂക്കേഷൻ എയ്ഡ്</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/ ജി വി രാജ സ്പോർട്സ് സ്കൂൾ/ IHRD, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് അധ്യയന വർഷാരംഭത്തിലുണ്ടാകുന്ന പഠന സംബന്ധമായ പ്രാരംഭ ചെലവുകൾ, ഓൺലൈൻ പഠന സംബന്ധമായ ആവശ്യങ്ങൾ തുടങ്ങിയവക്കായി പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിലുള്ള നിരക്കു പ്രകാരം എഡ്യൂക്കേഷൻ എയ്ഡ് ലഭിക്കും

<u>(3) ദുർബല വിഭാഗ സ്റ്റൈപ്പന്റ്</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/ ജി വി രാജ സ്പോർട്സ് സ്കൂൾ/ IHRD, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകൾ/ സർക്കാർ അംഗീകൃത ഏൺ എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതിയിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് പഠന നിലവാരം ഉയർത്തുന്നതിനായി പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിലുള്ള നിരക്കു പ്രകാരം പ്രതിമാസ കണക്കിലുള്ള സ്റ്റൈപ്പന്റ് ജൂൺ, നവംബർ മാസങ്ങളിൽ രണ്ടു ഗഡുക്കളായി ലഭിക്കും

<u>(4) ഫീസ് റീ-ഇംബേഴ്സ്മെന്റ്</u>

സംസ്ഥാനത്തെ സർക്കാർ അംഗീകൃത എൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിലുള്ള നിരക്കു പ്രകാരം ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ലഭിക്കുന്നതാണ്.

<u>(5) വിദ്യാലയ വികാസ് നിധി</u>

സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് കേന്ദ്രീയ വിദ്യാലയ സംഘതൻ നിശ്ചയിച്ചിട്ടുള്ള നിലവിലെ നിരക്ക പ്രകാരം കമ്പ്യൂട്ടർ ഫീസും വിദ്യാലയ വികാസ് നിധിയും ലഭിക്കുന്നതാണ്.

## B. നിബന്ധനകൾ

### (1) ഇ-ഡിസ്ട്രിക്ട് വാലിഡേഷൻ

(a) ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഇ-ഗ്രാന്റ്സ് സ്കൂൾ ലോഗിനിൽ നിന്നും ഇ-ഡിസ്ട്രിക്ട് വാലിഡേഷൻ നടത്തി ബന്ധപ്പെട്ട SCDO യുടെ അപ്രൂവലിനായി അയക്കണം. സർട്ടിഫിക്കറ്റിന് SCDO യുടെ അപ്രൂവൽ ലഭിക്കുന്ന വിദ്യാർഥികൾക്കു മാത്രമേ സ്കൂൾ ലോഗിനിൽ നിന്നും സ്കോളർഷിപ്പ് അപേക്ഷ ഓൺലൈനായി അയക്കുവാൻ കഴിയുകയുള്ളൂ.

(b) LP, UP, HS വിഭാഗങ്ങളിൽ ഒരോ വിഭാഗത്തിലും ഒറ്റത്തവണ വീതം സർട്ടിഫിക്കറ്റ് വാലിഡേഷൻ നടത്തിയാൽ മതിയാകും. എന്നാൽ പദ്ധതിയുടെ തുടക്കമായതിനാൽ 2024-25 വർഷം 1 മുതൽ 10 വരെയുള്ള ക്ലാസിലെ എല്ലാ വിദ്യാർഥികൾക്കും സർട്ടിഫിക്കറ്റ് വാലിഡേഷൻ നിർബന്ധമാണ്. 2025-26 മുതൽ അടുത്ത വിഭാഗത്തിലേക്കു പ്രവേശിക്കുന്ന വിദ്യാർഥികൾക്കു പ്രസ്തുത വിഭാഗത്തിൽ ആദ്യ വർഷം മാത്രം സർട്ടിഫിക്കറ്റ് വാലിഡേഷൻ നടത്തിയാൽ മതിയാകും. LP വിഭാഗത്തിലെ വിദ്യാർഥികൾക്ക് ജാതി സർട്ടിഫിക്കറ്റ് മാത്രം വാലിഡേറ്റ് ചെയ്താൽ മതിയാകും. വരുമാന സർട്ടിഫിക്കറ്റ് വാലിഡേറ്റ് ചെയ്യേണ്ടതില്ല

(c) സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിലവിൽ വരുമാന പരിധി ഏർപ്പെടുത്തിയിട്ടില്ലെങ്കിലും വരുമാനം ബാധകമായിട്ടുള്ള ഇതര പദ്ധതികൾക്കു വേണ്ടി പരാമർശം (2) ഉത്തരവു പ്രകാരം ഇ-ഗ്രാന്റ്സ് ഐ. ഡി ജനറേറ്റ് ചെയ്യുന്നതിനായി UP, HS വിഭാഗങ്ങളിൽ വരുമാന സർട്ടിഫിക്കറ്റു കൂടി വാലിഡേറ്റ് ചെയ്യണം.

### (2) ഭിന്നശേഷി വിദ്യാർഥികളുടെ അധിക അലവൻസ്

(a) ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് തുകയുടെ 10 ശതമാനം അധികമായി ലഭിക്കുന്നതാണ്.

(b) ഭിന്നശേഷിയുള്ള വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകൾ സ്ഥാപനമേധാവികൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ഇ-ഗ്രാന്റ്സ് പോർട്ടലിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാർഷിക പരിശോധനക്കായി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്

(c) ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അധിക തുക ലഭിച്ച വിദ്യാർഥികളുടെ വിവരങ്ങൾ വർഷാവസാനം SCDO ലോഗിനിൽ ലഭ്യമാക്കുന്നതും SCDO ബന്ധപ്പെട്ട സ്ഥാപനത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ ഭൗതിക പരിശോധന നടത്തി ബോധ്യപ്പെട്ട് റിപ്പോർട്ട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) ഇ-ഗ്രാന്റ്സ് ഐ. ഡി ജനറേഷൻ

(a) സ്കൂളിൽ നിന്നും വാലിഡേറ്റ് ചെയ്ത് അയക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട SCDO പരിശോധിച്ച് അപ്രൂവൽ നൽകിയതിനു ശേഷം ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധിക്കു വിധേയമായി SCDO തലത്തിലും ജില്ലാ ഓഫീസ് തലത്തിലും ഇ-ഗ്രാന്റ്സ് ഐ. ഡി കാർഡ് ജനറേറ്റ് ചെയ്യുന്നതിന് സംവിധാനമുണ്ടായിരിക്കും.

(b) വിവിധ പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾക്കു പകരം ഇ-ഗ്രാന്റ്സ് ഐ. ഡി സംവിധാനം ഉപയോഗിക്കാവുന്നതാണ്. അതാത് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന അവസരത്തിൽ ഇതു സംബന്ധമായ വിശദമായ മാർഗരേഖ പുറപ്പെടുവിക്കുന്നതാണ്.

**C. പൊതു വ്യവസ്ഥകൾ**

(1) സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

പദ്ധതികൾ പൂർണമായും ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായിട്ടായിരിക്കും നടപ്പിലാക്കുന്നത്. അതിനാൽ സമ്പൂർണ കോഡ് ഉപയോഗിച്ച് ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമേ സ്കോളർഷിപ്പ് അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

(2) മെറിറ്റ് സ്കോളർഷിപ്പുകൾ

മെറിറ്റ് അടിസ്ഥാനത്തിലുള്ള മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

(3) വിനിയോഗ വിവരങ്ങൾ

സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗ വിവരങ്ങൾ വിദ്യാർഥികളിൽ നിന്നും ലഭ്യമാക്കേണ്ടതില്ല.

(4) മാന്വൽ ജാതി സർട്ടിഫിക്കറ്റ്

മാന്വൽ ജാതി / വരുമാന സർട്ടിഫിക്കറ്റ് മാത്രമുള്ള വിദ്യാർഥികൾ പ്രസ്തുത മാന്വൽ സർട്ടിഫിക്കറ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേന വാലിഡേറ്റ് ചെയ്യേണ്ടതും പ്രിന്റൗട്ടിലെ നമ്പറും കോഡും ഉപയോഗിച്ച് സ്കൂൾ ലോഗിനിൽ നിന്നും വാലിഡേഷൻ പൂർത്തീകരിക്കേണ്ടതുമാണ്.

**D. സമയക്രമം**

(1) 2024-25 വർഷത്തെ സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കായി 2024 ജൂൺ 1 ന് ഇ-ഗ്രാന്റ്സ് പോർട്ടൽ ഓപ്പൺ ചെയ്യുന്നതും 2024 ആഗസ്റ്റ് 31 ന് ക്ലോസ് ചെയ്യുന്നതുമാണ്.

(2) എല്ലാ സ്ഥാപനങ്ങളിലെയും പട്ടികജാതി വിദ്യാർഥികളുടെ സർട്ടിഫിക്കറ്റ് വാലിഡേഷൻ 2024 ജൂൺ 30 നകം പൂർത്തിയാക്കേണ്ടതും സ്കോളർഷിപ്പ് അപേക്ഷകൾ അവസാന തീയതിയായ 2024 ആഗസ്റ്റ് 31 നകം ഓൺലൈനായി നൽകേണ്ടതുമാണ്.

(3) സർട്ടിഫിക്കറ്റ് വാലിഡേഷൻ അപേക്ഷകൾ യഥാസമയം പരിശോധിച്ച് തിരികെ അയക്കുവാൻ SCDO മാർ ശ്രദ്ധിക്കേണ്ടതാണ്.

(4) അവസാന തീയതിക്കു ശേഷം പോർട്ടൽ ക്ലോസ് ചെയ്യുന്നതും തുടർന്നുള്ള സ്കോളർഷിപ്പ് അപേക്ഷകൾ നിരസിക്കുന്നതുമാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ഏതെങ്കിലും വിദ്യാർഥിക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതായി പരാതിയുണ്ടാകുന്ന പക്ഷം പ്രസ്തുത വിദ്യാർഥിയുടെ സ്കോളർഷിപ്പ് അപേക്ഷയിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

**Signed by Meghashree D R**
**I A S**
**Date: 29-05-2024 17:45:47**

(ഒപ്പ്)

**MEGHASHREE D R, IAS**
**DIRECTOR**

---

*Forwarded/ By Order*

*Superintendent*

---

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

പകർപ്പ്:-

1) പൊതു വിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
2) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ
3) സ്റ്റോക്ക് ഫയൽ / സ്പെയർ

## 2024-25 സ്റ്റേറ്റ് പ്രീമെടിക് സ്കോളർഷിപ്പ്

### ജാതി/ വരുമാനം– **e-district validation** നടപടിക്രമങ്ങൾ

ആദ്യമായി വിദ്യാർഥികളെ ഇ–ഗ്രാന്റ്സ് സൈറ്റിൽ പ്രൊമോട്ട് ചെയ്യണം

⬇️

പ്രൊമോട്ട് ചെയ്തവരെ **E-DISTRICT Validation** എന്ന മെനുവിൽ നിന്നും ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ വാലിഡേറ്റ് ചെയ്ത് **SCDO** യുടെ അപ്രൂവലിനായി അയക്കണം അപ്രൂവൽ ലഭിക്കുന്ന വിദ്യാർഥികൾ മാത്രമേ **Apply for Scholarship** ൽ വരികയുള്ളൂ

⬇️

കുട്ടികളുടെ ക്ലാസ്, ബാങ്ക് അക്കൌണ്ട് വിവരങ്ങൾ എന്നിവ തിരുത്തൽ വരുത്താൻ ഇപ്പോൾ അവസരമുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പ്രൊമോട്ട് ഓപ്ഷൻ മുഖേനയല്ലാതെ ക്ലാസ് എഡിറ്റ് ചെയ്യുവാൻ അവസരം നൽകുന്നതല്ല


⬇️

**Add New Student Option** മുഖേന പുതുതായി ചേർക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷിക്കുന്നതിനായി **E-DISTRICT Validation** മെനുവിൽ നിന്നും മേൽ പ്രകാരം വാലിഡേഷൻ നടപടി പൂർത്തിയാക്കണം

TOP

# E-district validation- Step by Step Detailing


- **E-DISTRICT Validation** എന്ന മെനുവിൽ ചുവടെ കാണുന്നതു പോലെ വിദ്യാർഥികൾ ക്ലാസ് തിരിച്ച് ദൃശ്യമാകും. ഓരോ വിദ്യാർഥിയെയും **View Details** സെലക്ട് ചെയ്യുക



| | |
|---|---|
| Category | SC |
| Class | CLASS 8 |


| Slno | Name | Date of Birth | Class | Admission No | Caste | Income | Account No | IFS Code | Update Detials |
|---|---|---|---|---|---|---|---|---|---|
| 1 | TEST DATA | 2010-03-14 | CLASS 8 | 123 | PULAYA | 48000 | 12348965235632 | SIBL0000738 | View Details |

- **View Details** സെലക്ട് ചെയ്യുമ്പോൾ വിദ്യാർഥിയുടെ വിവരങ്ങൾ കാണാൻ കഴിയും



| | | | |
|---|---|---|---|
| Basic Details | | | |
| Student Name | TEST DATA | Egrantz ID | EG/202403169252 |
| Date Of Birth | 14-03-2010 | Gender | Male |
| Address | testttttt | | |
| Other Details | | | |
| Category | SC | Caste | PULAYA |
| Class | CLASS 8 | Annual Faimily Income | 48000 |
| Father Name | test | Mother Name | dddddddd |
| Bank details | | | |
| Bank Name | South Indian Bank | Edit Details | |
| Account No | 12348965235632 | IFSC Code | SIBL0000738 |

- ക്ലാസ്, ബാങ്ക് അക്കൌണ്ട് വിവരങ്ങൾ എഡിറ്റ് ചെയ്യേണ്ടുന്ന ആവശ്യമുണ്ടെങ്കിൽ **Edit Details** സെലക്ട് ചെയ്യണം. ചുവടെ കാണുന്ന വിൻഡോയിൽ ഇവ എഡിറ്റ് ചെയ്ത് സേവ് ചെയ്യണം





- **IFSC** വിവരങ്ങൾ **BIMS** ലെ വിവരങ്ങളുമായി മാപ്പ് ചെയ്തിട്ടുണ്ട്. **IFSC** രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യുമ്പോൾ ബന്ധപ്പെട്ട ബാങ്ക്, ബ്രാഞ്ച് എന്നിവ കാണാൻ കഴിയും. പരിശോധിച്ച് ഉറപ്പ് വരുത്തുക




- തുടർന്ന് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ വാലിഡേറ്റ് ചെയ്യണം.

1 മുതൽ 4 വരെ ക്ലാസുകളിൽ ജാതി സർട്ടിഫിക്കറ്റ് മാത്രം വാലിഡേറ്റ് ചെയ്താൽ മതിയാകും




- വാലിഡേഷൻ പൂർത്തിയാകുമ്പോൾ സർട്ടിഫിക്കറ്റുകൾ ചുവടെ കാണുന്നതു പോലെ ദൃശ്യമാകും. സർട്ടിഫിക്കറ്റിലെ ഡേറ്റ പ്രകാരം പ്രൊഫൈൽ ഡേറ്റയിലും മാറ്റം വരുന്നതാണ്.



- സ്കൂൾ ലോഗിനിൽ നിന്നും സബ്മിറ്റ് ചെയ്താൽ പ്രസ്തുത ഡേറ്റ ചുവടെ കാണുന്നതു പോലെ **SCDO** ലോഗിനിൽ ദൃശ്യമാകും

| Select Institution | TEST PRE SCHOOL |
|---|---|

| Slno | Name | Date of Birth | Class | Admission No | Caste | Income | Account No | IFS Code | Update Detials |
|---|---|---|---|---|---|---|---|---|---|
| 1 | TEST DATA | 2010-03-14 | | 123 | AYYANAVAR | 410400 | 12348965235632 | SIBL0000738 | View Details |

- **View Details** സെലക്ട് ചെയ്ത് ജാതി, വരുമാന വിവരങ്ങൾ **SCDO** പരിശോധിക്കുക. ജാതി വിദ്യാർഥിയുടെ പേരിലുള്ളതു തന്നെയായിരിക്കണം. വരുമാനം കുടുംബത്തിലെ അംഗത്തിന്റെ പേരിൽ മതിയാകും. വരുമാന സർട്ടിഫിക്കറ്റിലെ പേരും മാതാപിതാക്കളുടെ പേരും വിലാസവും ഒത്തു നോക്കി ഇത് ഉറപ്പു വരുത്താം

**Caste and Income Certificate**


**Caste Certificate**

| | | | |
|---|---|---|---|
| Certificate Type | Community | Applicant Name | NANDHA J VIJAYAN |
| Applicant Address | 764, MUTTATHUVILAKAM, MURIYATHOTTAM | Religion | Hindu |
| Category | SC | Caste | AYYANAVAR |
| Issued Office | Neyyattinkara Taluk Office | Approved On | 2023-11-29 16:34:33.995 |

**Income Certificate**

| | | | |
|---|---|---|---|
| Certificate Type | Income | Applicant Name | NANDHA J VIJAYAN |
| Applicant Address | 764, MUTTATHUVILAKAM, MURIYATHOTTAM | Income Type | Annual Family Income |
| Income | 410400 | Issued Office | Parassala Village Office |
| Approved On | 2023-11-30 10:05:40.449 | | |


■ ജാതി, വരുമാനം എന്നിവയിൽ തെറ്റുണ്ടെങ്കിൽ റിമാർക്ക് സഹിതം സ്കൂൾ ലോഗിനിലേക്ക് **Revert** ചെയ്യുക. **SCDO** ലോഗിനിൽ എഡിറ്റിംഗ് അനുവദിച്ചിട്ടില്ല. റിവേർട്ട് ചെയ്യുമ്പോൾ സ്കൂൾ മേധാവിയുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിലേക്ക് **SMS** ലഭിക്കുന്നതാണ്



| Previous Remarks | | |
|---|---|---|
| Usertype | Remarks | Remarks Date |
| Institution HM-Premetric | Ok | 2024-05-15 16:27:38 |
| Enter Remarks | | |
| Status | Select | |
| submit | | |




■ തിരുത്തൽ വരുത്തുന്നതിനായി റിവേർട്ട് ചെയ്യുന്ന ഡേറ്റ ചുവടെ കാണുന്നതു പോലെയായിരിക്കും സ്കൂൾ ലോഗിനിൽ വീണ്ടും ദൃശ്യമാകുന്നത്. തിരുത്തൽ വരുത്തി അയക്കുന്നതിനായി **Click here to resubmit** എന്ന ലിങ്ക് സെലക്ട് ചെയ്യണം




| | |
|---|---|
| Category | SC |
| Class | CLASS 8 |

| Slno | Name | Date of Birth | Class | Admission No | Caste | Income | Account No | IFS Code | Update Detials |
|---|---|---|---|---|---|---|---|---|---|
| 1 | TEST DATA | 2010-03-14 | CLASS 8 | 123 | AYYANAVAR | 410400 | 12348965235632 | SIBL0000738 | Reverted Click here to Resubmit |


- റിവേർട്ട് ചെയ്ത അപേക്ഷ സ്ഥാപന മേധാവി പരിശോധിച്ച് ജാതി, വരുമാനം എന്നിവയിൽ ആവശ്യമായത് റിമൂവ് ചെയ്ത് പുതിയ ഡേറ്റ വാലിഡേറ്റ് ചെയ്ത് വീണ്ടും സബ്മിറ്റ് ചെയ്യണം



- ഇപ്രകാരം തിരുത്തി അയക്കുന്ന ഡേറ്റ **SCDO** ലോഗിനിൽ വീണ്ടും ലഭ്യമാകും. വിവരങ്ങൾ പരിശോധിച്ച് ശരിയെങ്കിൽ അപ്രൂവ് ചെയ്യുകയോ ആവശ്യമെങ്കിൽ വീണ്ടും റിവേർട്ട് ചെയ്യുകയോ ചെയ്യുക




- **SCDO** അപ്രൂവ് ചെയ്ത് അയക്കുന്ന ഡേറ്റ സ്കൂൾ ലോഗിനിൽ ചുവടെ കാണുന്നതു പോലെ ദൃശ്യമാകും.



ഇപ്രകാരം അപ്രൂവലാകുന്ന വിദ്യാർഥികൾ മാത്രമേ സ്കൂൾ ലോഗിനിൽ **Apply for Scholarship** ലിങ്കിൽ സ്കോളർഷിപ്പിനായി പ്രത്യക്ഷമാവുകയുള്ളൂ.

**LP/ UP/ HS** വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് ഓരോ വിഭാഗത്തിലും ഒറ്റത്തവണ വാലിഡേഷൻ മതിയാകും. വിഭാഗം മാറുമ്പോൾ വീണ്ടും വാലിഡേഷൻ നടപടി പൂർത്തീകരിച്ചെങ്കിൽ മാത്രമേ സ്കൂൾ ലോഗിനിൽ **Apply for Scholarship** ലിങ്കിൽ സ്കോളർഷിപ്പിനായി പ്രത്യക്ഷമാവുകയുള്ളൂ.

**2024-25** വർഷം എല്ലാ വിദ്യാർഥികളെയും വാലിഡേറ്റ് ചെയ്യണം. **2025-26** മുതൽ **LP/ UP/ HS** വിഭാഗങ്ങളിൽ ഓരോന്നിൽ നിന്നും അടുത്തതിലേക്ക് മാറുന്ന വിദ്യാർഥികൾ മാത്രം വാലിഡേഷൻ നടപടി പൂർത്തിയാക്കിയാൽ മതിയാകും.

ഉദാ:– **2024-25** വർഷം ഒന്നാം ക്ലാസിൽ **(LP)** വാലിഡേഷൻ ചെയ്ത വിദ്യാർഥി പിന്നീട് **2029-30** വർഷം അഞ്ചാം ക്ലാസിലേക്ക് **(UP)** പ്രൊമോട്ട് ആകുമ്പോൾ മാത്രം വാലിഡേഷൻ ചെയ്താൽ മതി. എന്നാൽ **2024-25** വർഷം നാലാം ക്ലാസിൽ **(LP)** വാലിഡേഷൻ ചെയ്ത വിദ്യാർഥി **2025-26** വർഷം അഞ്ചാം ക്ലാസിലേക്ക് **(UP)** വീണ്ടും വാലിഡേറ്റ് ചെയ്യണം. ടി വിദ്യാർഥി പിന്നീട് **2028-29** വർഷം എട്ടാം ക്ലാസിലേക്ക് **(HS)** പ്രവേശിക്കുമ്പോഴാണ് അടുത്ത വാലിഡേഷൻ വേണ്ടി വരുന്നത്.

സ്ഥാപനങ്ങളുടെ കാറ്റഗറിയനുസരിച്ച് അപേക്ഷിക്കുവാൻ അർഹതയുള്ള സ്കീമുകൾ സ്ഥാപനത്തിന്റെ ലോഗിനിൽ ലഭ്യമാകും. ഓരോ പദ്ധതികൾക്കും അർഹതയുള്ള വിദ്യാർഥികളുടെ പട്ടികയും ക്ലാസ് തിരിച്ച് ലോഗിനിൽ ലഭ്യമാണ്. ഒരു പദ്ധതിയും വിട്ടു പോകാതെ അപേക്ഷിക്കേണ്ടത് സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമാണ്.

e-grantz 3.0

eDistrict KERALA